**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6071** **09-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് കുടിശിക പിരിച്ചെടുക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുകയാണ് കുടിശിക വരുത്തിയിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 31.03.2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന് കുടിശ്ശികയിനത്തിൽ സർക്കാർ ഓഫീസുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 846.75 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം) തുകയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈകോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ് സ്റ്റേഷനുകളും മറ്റ് ഓഫീസുകളും, പമ്പ് ഹൗസുകൾ, കൃഷി ഭവൻ ഉപഭോക്താക്കൾ ഇവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ കെ.എസ്.ഇ.ബി.എൽ-ന് പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ തീർപ്പാക്കി വരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ |

| | | | |
|---|---|---|---|
| | | | വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി.ലിമിറ്റഡിന് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 01.11.2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി നാളിതുവരെ Escrow account ആരംഭിച്ചിട്ടില്ല.<br><br>31.03.2024 വരെയുള്ള വിവിധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി, പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വൈദ്യുതി കുടിശ്ശികയുടെ വിശദവിവരങ്ങൾ ടി കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി കെ.എസ്.ഇ.ബി.എൽ ലഭ്യമാക്കിയിട്ടുള്ളത് സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

31.03.2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന് കുടിശ്ശികയിനത്തിൽ സർക്കാർ ഓഫീസുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിശദാംശങ്ങൾ

| **സ്ഥാപനങ്ങൾ** | **തുക കോടി രൂപയിൽ** |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 172.75 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 338.70 |
| കേരള വാട്ടർ അതോറിറ്റി | 188.29<br>ഇത് കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക സർക്കാർ ഏറ്റെടുത്തതിനു പുറമെയാണ്. |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 1.41 |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 67.39 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 7.27 |
| പൊതു സ്ഥാപനങ്ങൾ | 70.94 |
| ആകെ | **846.75** |

**സെക്ഷൻ ഓഫീസർ**